## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ ഐഎഎസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് –ജീവനക്കാര്യം -ശ്രീമതി ബിഷാര എൻ ബി, ഐസിഡിഎസ് സൂപ്പർവൈസർ, കൊച്ചി അർബൻ 1 - അനധികൃതാവധി - സർവ്വീസിൽ നിന്ന് നീക്കം ചെയ്തുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. സ.ഉ(സാധാ) നം.13/2006/സാക്ഷേവ തീയതി. 05.01.2006
2. സ.ഉ(സാധാ) നം.138/2011/സാക്ഷേവ തീയതി. 23.03.2011
3. സാമൂഹ്യനീതി ഡയറക്ടറുടെ 15.10.2015 തീയതിയിലെ ഇ12-31001/15 നമ്പർ ഉത്തരവ്
4. സ.ഉ(അ) നം.152/2020/ധന തീയതി. 05.11.2020
5. ധനകാര്യ വകുപ്പിന്റെ 30.12.2020 തീയതിയിലെ 83/2020/ധന നമ്പർ സർക്കുലർ
6. ഈ കാര്യാലയത്തിലെ 23.01.2021 ലെ WCD/E3(1)/3032/2021 നമ്പർ കത്ത്.
7. ഈ കാര്യാലയത്തിലെ 10.03.2021 തീയതിയിലെ WCD-E5/5908/2021 നമ്പർ നോട്ടീസ്
8. ഈ കാര്യാലയത്തിലെ 05.08.2021 തീയതിയിലെ WCD-E5/5908/2021 നമ്പർ കുറ്റപത്രം
9. ഈ കാര്യാലയത്തിലെ 01.06.2022 തീയതിയിലെ ഇ5/5908/2021 നമ്പർ നോട്ടീസ്
10. ഈ കാര്യാലയത്തിലെ 13.10.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
11. വനിത ശിശു വികസന വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 30.11.2023 തീയതിയിലെ അന്വേഷണ വിചാരണ റിപ്പോർട്ട്.
12. ഈ കാര്യാലയത്തിലെ 22.12.2023 തീയതിയിലെ ഇതേ നമ്പർ കത്ത്
13. ഈ കാര്യാലയത്തിലെ 06.02.2024 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്
14. 23.04.2024 തീയതിയിലെ മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വിൻഡോ ഫോർമാറ്റിലെ പരസ്യം.

### ഉത്തരവ് നം. DWCD/1260/2023-E5 തീയതി: 25-07-2024

വനിത ശിശു വികസന വകുപ്പിനു കീഴിൽ കൊച്ചി അർബൻ 1 ഐ സി ഡി എസിൽ സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന ശ്രീമതി ബിഷാറ എൻ ബി –യ്ക്ക് വിദേശത്ത് ജോലിയുള്ള ഭർത്താവിനോടൊപ്പം കഴിയുന്നതിനായി കെ എസ് ആർ ഭാഗം-1, അനുബന്ധം 12 C യിലെ നിബന്ധനകൾക്ക് വിധേയമായി 23.02.2006 മുതൽ 22.02.2011 വരെ പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് 23.02.2011 മുതൽ 22.02.2016 വരെയും, 23.02.2016 മുതൽ 22.02.2021 വരെയും അവധി ദീർഘിപ്പിച്ച് നൽകണമെന്ന ടിയാരിയുടെ അപേക്ഷ പരിഗണിച്ച് പരാമർശം (2), (3) എന്നിവ പ്രകാരം അവധി ദീർഘിപ്പിച്ച് നൽകിയിരുന്നു. 23.02.2021 മുതൽ വീണ്ടും 5 വർഷത്തേക്കു കൂടി അവധി ദീർഘിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പരാമർശം (4)

പ്രകാരമുള്ള സർക്കാർ ഉത്തരവിലേയും പരാമർശം (5) പ്രകാരമുള്ള സർക്കുലറിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ടിയാരിക്ക് അവധി ദീർഘിപ്പിച്ചു നൽകുവാൻ കഴിയില്ല എന്നും അവധി കാലയളവ് അവസാനിക്കുന്ന മുറക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കണമെന്നും പരാമർശം (6) പ്രകാരം നിയമനാധികാരി കാര്യാലയമേധാവി മുഖാന്തിരം ടിയാളോട് നിർദ്ദേശിച്ചിരുന്നു. ആയത് 06.02.2021 ൽ ടിയാരിയുടെ വീട്ടിൽ റിസീവ് ചെയ്തിട്ടുണ്ട്. തുടർന്നും അനധികൃതമായി അവധിയിൽ തുടരുന്ന ടിയാരിയോട് 7 ദിവസത്തിനകം തിരികെ ജോലിയിൽ പ്രവേശിച്ച് അച്ചടക്ക നടപടി നേരിടുവാൻ തയ്യാറാകണമെന്ന് അറിയിച്ചുകൊണ്ട് നിയമനാധികാരി പരാമർശം (7) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത നോട്ടീസ് ടിയാരി കൈപ്പറ്റാതെ തിരികെ ലഭിക്കുകയുണ്ടായി. 23.02.2021 മുതൽ അനധികൃതമായി അവധിയിൽ തുടരുകയും നിയമനാധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്യുക വഴി ടിയാരി ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തിയിരിക്കുന്ന സാഹചര്യത്തിൽ അനധികൃതമായി തുടരുന്ന ടിയാരിയ്ക്കെതിരെ പരാമർശം (8) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചു. എന്നാൽ പ്രസ്തുത കുറ്റപത്രവും ടിയാരി കൈപ്പറ്റിയിരുന്നില്ല.

വകുപ്പ് നൽകിയ നോട്ടീസ്, കുറ്റപത്രം എന്നിവ ടിയാരിയുടെ അഡ്രസ്സിലും, വിദേശത്തെ അഡ്രസ്സിലും നൽകിയിരുന്നുവെങ്കിലും ആയത് കൈപ്പറ്റാതെ അനധികൃതമായി അവധിയിൽ തുടരുന്ന സൂപ്പർവൈസർ ശ്രീമതി. ബിഷാറ എൻ ബി –ക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ടിയാരിക്ക് ജീവനക്കാരുടെ ശിക്ഷണ നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള പരാമർശം (9) ലെ അനുബന്ധം എച്ച് -4 നോട്ടീസ്, വിൻഡോ മാതൃകയിൽ, മലയാളം ദിനപത്രത്തിലും കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീമതി ബിഷാറ എൻ ബിയ്ക്കെതിരെയുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ടിയാരിയെ സർവ്വീസിൽ നിന്ന് നീക്കം ചെയ്ത് ഉത്തരവാകുന്നതിന് 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള അന്വേഷണ വിചാരണ നടത്തുന്നതിന് വനിത ശിശു വികസന ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ പരാമർശം (10) പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

അപ്രകാരം 17-11-2023 –ന് കൊച്ചി അർബൻ I ICDS ഓഫീസിൽ ഹാജരാകണമെന്നാവിശ്യപ്പെട്ടു കൊണ്ട് ശ്രീമതി ബിഷാറയ്ക്ക് 01.11.2023 –ൽ ടിയാരിയുടെ അഡ്രസ്സിൽ കത്തു നൽകിയിരുന്നു. ആയത് 04.11.2023 –ൽ വീട്ടിൽ റിസീവ് ചെയ്തിട്ടുണ്ട്. എന്നാൽ 17.11.2023 –ന് ശ്രീമതി ബിഷാറയോ, മറ്റ് പ്രതിനിധികൾ ആരുംതന്നെയോ ടി ഓഫീസിൽ ഹാജരായിരുന്നില്ല. ശ്രീമതി ബിഷാറ വിദേശത്ത് ജോലി ചെയ്തുവരികയാണെന്ന് അറിയാൻ കഴിഞ്ഞു. . ICDS സൂപ്പർവൈസർ ശ്രീമതി ബിഷാറ എൻ ബി സർക്കാർ / നിയമനാധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തിയിട്ടുള്ള സാഹചര്യത്തിൽ ടിയാരിയെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണ് എന്ന് അന്വേഷണ ഉദ്യോഗസ്ഥ പരാമർശം (11) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

തുടർന്ന്, ടിയാരിയെ വകുപ്പ് മേധാവി 04.01.2024 തീയതിയിൽ നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയും ടി വിവരം അറിയിച്ച് പരാമർശം (12) പ്രകാരം ടിയാരിക്ക് കത്ത് നൽകുകയും

ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കത്ത് ടിയാരി കൈപ്പറ്റാതെ മടങ്ങി വരികയുണ്ടായി.

23.02.2006 മുതൽ 22.02.2021 വരെ തുടർച്ചയായി ശൂന്യവേതനാവധിയിലായിരുന്ന ശ്രീമതി. ബിഷാറ 23.02.2021 മുതൽ വീണ്ടും അഞ്ച് വർഷത്തേയ്ക്ക് ശൂന്യവേതനാവധി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് നിരസിക്കുകയും അവധികാലയളവ് അവസാനിക്കുന്ന മുറയ്ക്ക് സർവ്വീസിൽ തിരികെ പ്രവേശിക്കണമെന്ന് ടിയാരിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടും ടിയാരി തിരികെ ജോലിയിൽ പ്രവേശിക്കാതെയും, സർക്കാർ / നിയമനാധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്തത് ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവുമായി കണ്ട് അന്വേഷണ ഉദ്യോഗസ്ഥയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടിയാരിക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിയ്ക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 11 (1) (vii) പ്രകാരം ടിയാരിയെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് തീർപ്പാക്കുന്നതാണെന്നറിയിച്ച് പരാമർശം (13) പ്രകാരം നോട്ടീസ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത നോട്ടീസും ടിയാരി കൈപ്പറ്റാതെ മടങ്ങി വരികയുണ്ടായി. തുടർന്ന്, പ്രസ്തുത നോട്ടീസ് സംബന്ധിച്ച വിവരം പരാമർശം (14) പ്രകാരം ദിനപത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും നോട്ടീസ് സർക്കാർ വെബ് സൈറ്റിലും വകുപ്പിന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു.

എന്നാൽ ശ്രീമതി ബിഷാറ എൻ ബി നോട്ടീസിനുള്ള മറുപടി ലഭ്യമാക്കുകയോ, തിരികെ സർവ്വീസിൽ പ്രവേശിക്കുകയോ ചെയ്തിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ടിയാരി നിയമനാധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നത് ഗുരുതര കൃത്യവിലോപമായി കണ്ട് പരാമർശം (5) പ്രകാരമുള്ള സർക്കുലറിലെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ബിഷാറ എൻ ബിയ്ക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിയ്ക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 11 (1) (vii) പ്രകാരം ടിയാരിയുടെ അനുവദിക്കപ്പെട്ട അവധി കാലയളവ് അവസാനിച്ച തീയതിയായ 23.02.2021 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്ന് നീക്കം ചെയ്തുകൊണ്ട് അന്തിമ തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ടിയാരിയുടെ സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്.

HARITHA V KUMAR IAS
**വനിത ശിശു വികസന ഡയറക്ടർ**

Signed by
Haritha V Kumar
Date: 25-07-2024 12:38:33

ശ്രീമതി ബിഷാറ എൻ ബി
ഐസിഡിഎസ് സൂപ്പർവൈസർ (അനധികൃതാവധിയിൽ)
ഹൗസ് നം. 3/537, നാരോത്തുങ്കൽ ഹൗസ്, കൊച്ചി-682002

പകർപ്പ് :

1. ഡയറക്ടറുടെ സി എ
2. ജില്ല വനിത ശിശു വികസന ഓഫീസർ, എറണാകുളം
3. ശിശു വികസന പദ്ധതി ഓഫീസർ, കൊച്ചി അർബൻ 1
4. ഇ3 / ഇ3(1) സീറ്റ്
5. സ്റ്റോക്ക് ഫയൽ / സ്പെയർ